**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷിയും പുതുതലമുറയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിയിലേക്കുള്ള പുതുതലമുറയുടെ കടന്നുവരവിന് പ്രോത്സാഹനം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; | (എ) | പുതുതലമുറയെ കൃഷിയിലേക്കു ആകർഷിക്കുന്നതിനായി, "സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ", "പ്രൊജക്റ്റ് അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി" എന്ന പദ്ധതി ഒരു പ്രധാന ഘടകമായി ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതു വരെ 981 സർക്കാർ/ സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രൊജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുകയും ഇതിലേക്കായി 89.93151 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2021 – 22 സാമ്പത്തിക വർഷത്തിൽ, പുതുതലമുറയെ കൃഷിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി, സ്ഥാപനങ്ങൾ മുഖേനയുള്ള പച്ചക്കറി കൃഷി വികസനത്തിനായി 200.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നതിൽ 100.00 ലക്ഷം രൂപ സ്കൂളുകൾക്കും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായും, 100.00 ലക്ഷം രൂപ സർക്കാർ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുതലായവയ്ക്കുമായും വകയിരുത്തിയിരുന്നു. ഇതിൻറെ ഭാഗമായി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിഞ്ഞിരുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീട്ടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തിയിരുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവട് വയ്പാണ്.<br><br>കാർഷിക രംഗത്തേക്ക് പുതിയ തലമുറയെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണം, വിപണനത്തിനുള്ള ആധുനിക |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അത്യന്താപേക്ഷികമായ ഘടകങ്ങളാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്.<br><br>2023-24 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന മറ്റു പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ? | (ബി) | പുതുതലമുറയെ കൃഷിയിലേക്കു ആകർഷിക്കുന്നതിനായി, ''സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ'', "പ്രൊജക്റ്റ് അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി" എന്ന പദ്ധതി ഒരു പ്രധാന ഘടകമായി ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതു വരെ 981 സർക്കാർ/ സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രൊജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുകയും ഇതിലേക്കായി 89.93151 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2021 – 22 സാമ്പത്തിക വർഷത്തിൽ, പുതുതലമുറയെ കൃഷിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി, സ്ഥാപനങ്ങൾ മുഖേനയുള്ള പച്ചക്കറി കൃഷി വികസനത്തിനായി 200.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നതിൽ 100.00 ലക്ഷം രൂപ സ്കൂളുകൾക്കും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായും, 100.00 ലക്ഷം രൂപ സർക്കാർ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുതലായവയ്ക്കുമായും വകയിരുത്തിയിരുന്നു. ഇതിൻറെ ഭാഗമായി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിഞ്ഞിരുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തിയിരുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവട് വയ്പാണ്.<br><br>കാർഷിക രംഗത്തേക്ക് പുതിയ തലമുറയെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അത്യന്താപേക്ഷികമായ ഘടകങ്ങളാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| | | | 2023-24 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന മറ്റു പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഞങ്ങളും കൃഷിയിലേക്ക്

യുവാക്കൾ, സ്ത്രീകൾ, കുട്ടികൾ ഉൾപ്പടെ എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനവും, മറ്റു അനുബന്ധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്ന ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേക്ക്". പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ മുഖേന ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, സേവനങ്ങൾ എന്നിവ ഫലപ്രദമായി നടത്തി വരുന്നു.

### വിദ്യാർത്ഥികൾ, അധ്യാപകർ, സ്കൂളുകൾക്ക് അവാർഡുകൾ

കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകൾ നൽകി വരുന്നു.

### ഫാം യന്ത്രവൽക്കരണം

കൃഷിയിലേക്കുള്ള പുതുതലമുറയുടെ കടന്നുവരവിന് പ്രോത്സാഹനം നൽകുന്നതിന് അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും, "അഗ്രോ സർവ്വീസ് സെന്റർ സർവ്വീസ് ഡെലിവറി" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 107 അഗ്രോ സർവ്വീസ് സെന്ററുകളിലും 368 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷിക വൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

### ഇന്റേൺഷിപ് പരിപാടി

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ് പരിപാടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്ന കൃഷി ഭവനുകളിൽ നിന്നും കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ നേരിട്ടിടപെടാനും, പഠിക്കുവാനും, പരിശീലനം ലഭിക്കുവാനുമാണ് പുതു തലമുറയ്ക്ക് വേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. കാർഷിക/ജൈവ കൃഷി/വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റ് ഉടമകളെ പ്രതിമാസം 5000 രൂപ ഹോണറേറിയം നൽകി നിയമിക്കാൻ ഉദ്ദേശിക്കുന്നു.

### ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം

ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത

ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ പ്രോജെക്റ്റ് അടിസ്ഥാനത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷിവകുപ്പ് മുഖാന്തിരം നൽകുന്നു.

**കൃഷി പാഠശാല**

2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വെച്ചു തന്നെ നല്ല കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരം പരിശീലന പരിപാടികൾ എല്ലാ കർഷകർക്കും പ്രത്യേകിച്ച് യുവാക്കൾക്കും കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളിലും ഉള്ള അവബോധം സൃഷ്ടിക്കുവാൻ സഹായകരമാണ്. ടി പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

**വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും**

സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേന ഇടത്തരം, സൂക്ഷ്മ, ചെറുകിട, കാർഷിക സംസ്കരണ/മൂല്യവർധന യൂണിറ്റുകൾ, വ്യക്തിഗത / എസ്.എച്ച്.ജി അടിസ്ഥാനമാക്കിയുള്ള മൂല്യവർധന യൂണിറ്റുകൾ തുടങ്ങിയവയ്ക്കുള്ള പദ്ധതി അധിഷ്ഠിത സഹായം യുവാക്കൾക്ക് മുൻഗണന നൽകി.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന എം.ഐ.ഡി.എച്ച്, ഹണി മിഷൻ എന്നിവയുമായി സംയോജിപ്പിച്ച് എഫ് .പി.ഒ കളുടെ പങ്കാളിത്തത്തോടെ തേൻ കർഷകർക്കും തേൻ ഉൽപ്പാദനത്തിനും മൂല്യവർദ്ധിത തേൻ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനുമുള്ള പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ സംരംഭക പ്രോത്സാഹനത്തിനായും യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായും, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പുമായി ചേർന്ന് സംഭരണ സംസ്കരണ യൂണിറ്റുകൾക്ക് പദ്ധതി അധിഷ്ഠിത ധനസഹായം നൽകുന്നതാണ്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും, സ്റ്റാർട്ടപ്പുകൾ, കർഷകകൂട്ടായ്മകൾ എന്നിവ മുഖേനയുള്ള സംരംഭങ്ങളിൽ യുവാക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്.

വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനും, യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായും, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാൻ യുവ സംരംഭകർ അർഹരാണ്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷകകൂട്ടായ്മകൾ എന്നിവ വഴിയും യുവ സംരംഭകർ കാർഷിക മേഖലയിൽ പങ്കാളികളാവുന്നതാണ്.

**പരിശീലന പരിപാടികൾ**

കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്.

ഹൈടെക് കൃഷിരീതി, മിനി പോളിഹൗസുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും, സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും, പച്ചക്കറി വികസന പദ്ധതി കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ എന്നിവ വഴി നൽകിവരുന്നു.